# Malayala Manorama

## 29 August 2018

## Thiruvananthapuram, After Flood, Flood Victims, Relief

# 10,000 രൂപ കൊടുത്തുതുടങ്ങി

**മനോരമ ലേഖകർ**



തിരുവനന്തപുരം● ദുരിതാശ്വാസ ക്യാംപിൽ കഴിഞ്ഞവർക്കു 10,000 രൂപ സഹായധനം കാലതാമസമില്ലാതെ ലഭ്യമാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ.

ബാങ്കുകൾ തുറന്നതിനാൽ കുറച്ചു പേർക്കെങ്കിലും ഇന്നലെ അക്കൗണ്ടിൽ പണം എത്തിയിട്ടുണ്ടാകുമെന്നും അക്കൗണ്ട് വിശദാംശങ്ങൾ നൽകിയവർക്കു മൂന്നു ദിവസത്തിനുള്ളിൽ പണം ലഭിക്കുമെന്നും മുഖ്യമന്ത്രിയുടെ ഓഫിസ് അറിയിച്ചു. അക്കൗണ്ട് ഇല്ലാത്തവരുടെ കാര്യത്തിലും പരിഹാരമുണ്ടാക്കും.

കോട്ടയം ജില്ലയിൽ കഴിഞ്ഞ വെള്ളപ്പൊക്ക സമയത്തു നൽകേണ്ടിയിരുന്ന 3800 രൂപയുടെ സഹായം 7000 പേർക്കു വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തവണത്തെ സഹായധന വിതരണം തുടങ്ങിയിട്ടില്ല. കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിലെ ക്യാംപുകളിൽ കഴിഞ്ഞ 86 കുടുംബങ്ങൾക്കുള്ള തുക അക്കൗണ്ടുകളിലേക്കു കൈമാറാനുള്ള നിർദേശം നൽകി. സഹായ ധനം ബാങ്ക് അക്കൗണ്ടിൽ നൽകുമെന്ന നൽകുമെന്ന വാഗ്ദാനം ആലപ്പുഴ ജില്ലയിൽ നടപ്പായില്ല. വിവരശേഖരണം പൂർത്തിയായിട്ടില്ലെന്നാണ് അധികൃതരുടെ വിശദീകരണം.